ടുത്തു, കോടികൾ കൊടുത്തു എന്ന് പറയുന്നു. ഗൃഹനാഥൻ മരിച്ചാൽ ഇൻഡിജന്റ് ആയിട്ടുള്ള കുടുംബത്തിന് അയ്യായിരം രൂപയും മരണം ആക്സിഡന്റ് മൂലം ആണെങ്കിൽ 10,000 രൂപയും കൊടുക്കുന്നതിനുള്ള പ്രൊവിഷൻ നരസിംഹറാവുവിന്റെ സ്കീമിലുണ്ട്. അതിലും ഒരു പൈസപോലും കൂട്ടിയിട്ടില്ല. ഈ കാര്യം ഏതെങ്കിലും വിധത്തിൽ സബ്ജക്ട് കമ്മറ്റിയിൽ പരിശോധനയ്ക്ക് വന്നാൽ അതിനു വേണ്ട പ്രാധാന്യം കൊടുക്കണം. ഏതായാലും പാവങ്ങളേയും തൊഴിലാളികളേയും മുന്നിൽ കണ്ടുകൊണ്ടുള്ളത് എന്ന് പറഞ്ഞുകൊണ്ടുള്ള ഈ ബഡ്ജറ്റ് ഞാൻ നോക്കിയിട്ട് എല്ലാ പെൻഷൻകാർക്കും പത്തു രൂപവെച്ച് കൂട്ടികൊടുത്തിട്ടുണ്ട് എന്നത് മാത്രമേയുള്ളൂ. ഇപ്പോൾ ഏതാണ്ട് ഒരു കണക്കും പറഞ്ഞു, ഒരുകിലോ കടല പത്ത് രൂപയ്ക്ക് കിട്ടുമെന്നാണ് പറഞ്ഞത്. ഒരു കിലോ കടല പത്ത് രൂപയ്ക്ക് കിട്ടുമോ? നിങ്ങളൊക്കെ വാങ്ങിച്ചപ്പോൾ ഏതാണ്ട് 22 രൂപയോ മറ്റോ ആയിരുന്നു. ഏതായാലും പാവപ്പെട്ടവരുടെ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എങ്ങനെ നടത്താം എന്ന് ആലോചിക്കണം. അവരും ജീവിക്കേണ്ടവരാണ്, വൃദ്ധന്മാരുണ്ട്, ജീവിക്കാൻ നിവൃത്തിയില്ലാത്തവരുണ്ട്. അതുപോലെ തന്നെ ഇന്റിജന്റായിട്ടുള്ളവർക്ക്, ആദ്യമായിട്ട് പ്രസവിക്കുന്ന സ്ത്രീകൾക്ക് ഒരു മരുന്നു വാങ്ങാൻ, ആവശ്യത്തിനുള്ള പെൻസിലിൻ എങ്കിലും വാങ്ങിക്കാനുള്ള സഹായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഗതി പെൻഷൻ ഉൾപ്പെടെയുള്ള ദേശീയ സാമൂഹ്യസഹായ പദ്ധതി (കുടുംബനാഥൻ മരിച്ചാൽ ഒഴിച്ചുള്ളത്) നടപ്പിലാക്കാൻ പഞ്ചായത്തുകൾക്കാണ് അധികാരം. ഇതിനുള്ള സഹായം ആർക്ക്, എങ്ങനെ കൊടുക്കണമെന്ന് അറിയിക്കാത്തതിന്റെ പേരിൽ വടി ഇടിച്ച് നടക്കുന്ന വൃദ്ധന്മാർ ഉൾപ്പെടെയുള്ളവർക്ക് ഒരു കൊല്ലമായി ഒരു പൈസ പോലും കിട്ടിയിട്ടില്ല. ഈ ധനസഹായം നൽകുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാക്കാൻ നടപടിയുണ്ടാകണം. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

## VI. റൂളിംഗ്

### മുഖ്യമന്ത്രിയെ പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻ ആക്കിയത് സംബന്ധിച്ച്

മി. സ്പീക്കർ : സഭയിൽ ഉണ്ടായ ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ച് തെറ്റിദ്ധാരണ ഉണ്ടായേക്കാവുന്ന ഒരു കാര്യം വ്യക്തമാക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്. മുഖ്യമന്ത്രിയെ പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻ ആക്കിയതിനെ സംബന്ധിച്ച് ഇന്നലെയും ഇന്ന് ആവർത്തിച്ചും ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ചാണ് ചെയറിന് പറയാനുള്ളത്. മുൻ സ്പീക്കറും ഈ സഭയിലെ പ്രതിപക്ഷ ചീഫ് വിപ്പുമായ ശ്രീ. പി.പി. തങ്കച്ചൻ ഇന്ന് മുഖ്യമന്ത്രിയെ പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായി നിയോഗിച്ചത് സംബന്ധിച്ച് ചില പരാമർശങ്ങൾ നടത്തി. ഇന്നലെ ഇക്കാര്യം ശ്രീ. കെ.എം. മാണി ഉന്നയിച്ചപ്പോൾ ചെയറിന്റെ തീരുമാനത്തിൽ യാതൊരു അപാകതയും ഉണ്ടായിട്ടില്ല എന്ന് വ്യക്തമാക്കിയിരുന്നതാണ്. അതുകൊണ്ട് ഇന്ന് ഇത് വീണ്ടും ഉന്നയിക്കുന്നത് ശരിയല്ലെന്ന് ശ്രീ. പി.പി. തങ്കച്ചനോട് ചെയർ അഭ്യർത്ഥിച്ചു. എന്നാൽ സ്പീക്കർക്ക് ഒരു തെറ്റു പറ്റി

LIBRARY ARCHIVES Kerala Legislative Assembly

യാൽ അത് ചൂണ്ടിക്കാണിച്ച് തിരുത്തേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ടാണ് വീണ്ടും ഉന്നയിക്കണമെന്ന് ആവശ്യപ്പെടുന്നതെന്ന് അദ്ദേഹം ആവർത്തിച്ച് പറഞ്ഞപ്പോൾ മുൻ സ്പീക്കർ എന്ന നിലയിൽ ഞാൻ അദ്ദേഹത്തെ പ്രശ്നം ഉന്നയിക്കാൻ അനുവദിച്ചു. ശ്രീ. പി.പി. തങ്കച്ചൻ പറഞ്ഞു, ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞ ശേഷം മാത്രമേ ശ്രീ. എ.കെ. ആന്റണിയെ ചെയർമാനാക്കി ഒരു ഔദ്യോഗികമായ ബുള്ളറ്റിൻ ഇറക്കിയിട്ടുള്ളൂ, എന്നാൽ ശ്രീ. ഇ.കെ. നായനാരെ ഉപതെരഞ്ഞെടുപ്പിന് മുൻപ് ചെയർമാനാക്കി ബുള്ളറ്റിൻ ഇറക്കിയിരിക്കുന്നു, അങ്ങ് പരിശോധിക്കണം, തെറ്റ് തിരുത്തണം എന്ന്. ശ്രീ. പി.പി. തങ്കച്ചന്റെ പ്രസ്താവന വസ്തുതകൾക്ക് വിരുദ്ധമാണ്. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത് 1995 മാർച്ച് 22-ന് ആണ്. തിരൂരങ്ങാടി ഉപതെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചത് 1995 മെയ് 29-ന് ആണ്. ശ്രീ. എ.കെ. ആന്റണി നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തത് 1995 ജൂൺ 1-ാം തീയതിയുമാണ്. എന്നാൽ നിയമസഭാ സെക്രട്ടറിയേറ്റിൽ നിന്നും 1995 മെയ് 15-ാം തീയതി 550-ാം നമ്പർ ആയി ഇറക്കിയ ബുള്ളറ്റിനിൽ 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായി മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയെ നിയോഗിച്ചിട്ടുണ്ട് (ബുള്ളറ്റിൻ എന്റെ കൈവശമുണ്ട്). 1995 മെയ് 15-ാം തീയതിയിലെ 550-ാം നമ്പർ ബുള്ളറ്റിൻ അനുസരിച്ച് ജൂൺ 1-ാം തീയതി അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തു. ഇതിൽ നിന്നും ശ്രീ. എ.കെ. ആന്റണി നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് അദ്ദേഹത്തെ, അന്നത്തെ സ്പീക്കർ പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനാക്കി ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്നത് വളരെ സ്പഷ്ടമാണ്. ശ്രീ. പി.പി. തങ്കച്ചന്റെ പ്രസ്താവന,, ചെയറിന് പറ്റി എന്ന് അദ്ദേഹം പറഞ്ഞ തെറ്റ് തിരുത്താനല്ല; മറിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കാനാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. ഈ വിഷയം അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം ഇന്നലെ ശ്രീ. കെ.എം. മാണിയുടെ പ്രശ്നത്തിന് റൂളിംഗ് നൽകിയപ്പോൾ ചെയർ വ്യക്തമാക്കിയിരുന്നതാണ്. അതിനു ശേഷവും മുൻസ്പീക്കർ കൂടിയായ ശ്രീ. പി.പി. തങ്കച്ചൻ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള പ്രസ്താവന നടത്തരുതായിരുന്നു. സ്പീക്കർ നോമിനേറ്റ് ചെയ്ത കമ്മിറ്റിയെ സംബന്ധിച്ച പ്രശ്നം സഭയിൽ ചർച്ച ചെയ്യുന്നത് നല്ല കീഴ്വഴക്കമല്ലെന്ന് ശ്രീ. തങ്കച്ചന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അംഗീകൃതമായ കീഴ്വഴക്കം ലംഘിച്ചുകൊണ്ട് അദ്ദേഹം ഈ തെറ്റായ പ്രസ്താവന സഭയിൽ നടത്തിയത് ഉചിതമായില്ല.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, നാളെ എനിക്ക് ഇതിനെക്കുറിച്ച് ഒരു പ്രസ്താവന നടത്താൻ അവസരം തരണം. ഞാൻ തെറ്റ് പറഞ്ഞിട്ടുണ്ടെങ്കിൽ അതിൽ ഖേദം പ്രകടിപ്പിക്കാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly